DESPATCHED On..11/6/2020

28/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1246(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.8811/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജെ.എം. ഷാജു
കിഴക്കെതലക്കോട്ട്,
ഒറവിൽ പോസ്റ്റ്,
ഉള്ളിയേരി വഴി,
കോഴിക്കോട് – 673 323.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, കവടിയാർ പി.ഒ., തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, കവടിയാർ പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02/04/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07/04/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18/04/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11/07/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 19/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജെ.എം. ഷാജു, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 7-ാം ഇനം സംബന്ധിച്ച് വ്യക്തമായ മറുപടി അല്ല നൽകിയിട്ടുള്ളതെന്നും അപ്രകാരം തന്നെ ടിയാന്റെ അപേക്ഷയിലെ 3,

4, 9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ആയത് ലഭ്യമായ ഓഫീസിലേക്ക് ടിയാന്റെ അപേക്ഷ അയച്ചു നൽകിയിരുന്നില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പട്ടികജാതി വികസന വകുപ്പിൽ ഓരോ ജില്ലയിലും വാച്ച്മാൻ ആയി നിയമനം ലഭിക്കുന്നവർക്ക് ഓഫീസ് അറ്റൻഡന്റായി തസ്തിക മാറ്റം ലഭിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും

ii. വാച്ച്മാൻ/വാച്ച് വുമൻ എന്നിവർക്ക് തസ്തികമാറ്റം നൽകുന്നതിൽ മുൻഗണന ഉണ്ടോ എന്നും

iii. 2007-ൽ കോഴിക്കോട് മാവൂർ പ്രീ മെട്രിക് ഹോസ്റ്റൽ വാച്ച്മാനായിരുന്ന ജെ.എം ഷാജുവിന് ഓഫീസ് അറ്റൻഡന്റായി നിയമനം നൽകിയത് ഏതു ഉത്തരവ് പ്രകാരമെന്നും ആയതിന്റെ കോപ്പി ലഭ്യമാക്കണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 3, 4, 9 എന്നീ ഇനങ്ങൾ സംബന്ധിച്ച് കോഴിക്കോട് ജില്ലാ ഓഫീസുമായി ബന്ധപ്പെടാനാണ് അറിയിച്ചിരിക്കുന്നത് എന്നും 6-ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി വ്യക്തമല്ലെന്നും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ നൈറ്റ് വാച്ച്മാന്റെ ഒഴിവാണുള്ളതെന്നും അതിലേക്ക് ഒരു വനിത വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ലെന്നും 7-ാം ഇനം സംബന്ധിച്ച് നൽകിയ മറുപടിയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ നിന്നും ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് ഏതെന്നും ഡയറക്ടറേറ്റിൽ നിന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് ഏതെന്നും വ്യക്തമല്ലാത്തതിനാൽ രണ്ടിന്റെയും കോപ്പി നൽകണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ 3-ാം ഇനം സംബന്ധിച്ച ഫയൽ നശിപ്പിച്ചതിനാൽ കോപ്പി ലഭ്യമാക്കാൻ കഴിയില്ല എന്നും മറ്റു ചോദ്യങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ നിന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിയാണെന്ന് ബോധ്യമായതിനാൽ ആയത് ശരി വച്ച് അപ്പീൽ തീർപ്പാക്കുന്നു എന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോഴിക്കോട് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലെ നൈറ്റ് വാച്ച്മാനായിരുന്ന ശ്രീ. വിനീഷ് എൻ.കെ. യെ കുറവങ്ങാട് ഐ.ടി.ഐ.യിലെ അറ്റൻഡറായി മാറ്റി നിയമിച്ചതുമൂലം മേൽപ്പടി ട്രെയിനിംഗ് സെന്റർ നൈറ്റ് വാച്ച്മാൻ തസ്തികയിലുണ്ടായ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് മേൽപ്പടി ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ അപേക്ഷിച്ചിരുന്നു എന്നും മേൽപ്പടി സെന്ററിലെ വാച്ച്മാൻ തസ്തികയിലെ ജീവനക്കാരനെ സ്ഥലം മാറ്റി നിയമിച്ചതുമൂലമുണ്ടായ ഒഴിവ് വാച്ച്മാൻ എന്നതിനുപകരം ഓഫീസ് അറ്റൻഡന്റ് എന്നു രേഖപ്പെടുത്തിയാണ് എതിർകക്ഷി ഓഫീസിൽ നിന്നും കോഴിക്കോട് ജില്ലാ പി.എസ്.സി.ക്ക് അയച്ചിരുന്നത് എന്നും മേൽ പ്രകാരം ഒഴിവ് റിപ്പോർട്ട് ചെയ്തതയിൽ തസ്തികയിലുണ്ടായ വ്യത്യാസം സംബന്ധിച്ച്

കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് തന്നെയാണ് മേൽപ്പടി ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നത് എന്ന് എതിർകക്ഷി ഓഫീസിൽ നിന്നും മറുപടി നൽകുകയുണ്ടായി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേന ലഭിച്ച അഡ്വൈസ് മെമ്മോ പരിഗണിച്ച് ശ്രീമതി ജിത എസ്. എന്നയാളെ എതിർകക്ഷി ഓഫീസ് ഉത്തരവുപ്രകാരം മേൽപ്പടി ട്രെയിനിംഗ് സെന്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമിച്ചിരുന്നു എന്നും ഇക്കാര്യത്തിൽ സംഭവിച്ച പിശക് ചൂണ്ടിക്കാട്ടി മേൽപ്പടി ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ കത്ത് നൽകിയിരുന്നു എന്നും ആ സമയം പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി ജിതയെ മറ്റ് ഓഫീസുകളിലേക്ക് സ്ഥലം മാറ്റാൻ സാധിക്കാത്തതിനാലും കോഴിക്കോട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവില്ലാത്തതിനാലും ശ്രീമതി ജിതയെ സ്ത്രീ എന്ന പരിഗണന കൂടി കണക്കിലെടുത്ത് മേൽപ്പടി ട്രെയിനിംഗ് സെന്ററിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിച്ചിരുന്നു എന്നും അപ്രകാരം ചെയ്തത് മേൽപ്പടി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.ജെ.എം.ഷാജുവിനെ മേൽപ്പടി സ്ഥാപനത്തിലെ ഒഴിവുള്ള വാച്ച്മാൻ തസ്തികയിലേക്ക് മാറ്റി നിയമിച്ചുകൊണ്ടായിരുന്നു എന്നും മേൽപ്പടി അവസരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സീനിയറായിരുന്ന ഹർജിക്കാരനെ വാച്ച്മാൻ തസ്തികയിലേക്ക് മാറ്റുകയും ജൂനിയറായ ആളെ ഓഫീസ് അറ്റൻഡന്റായി നിയമിക്കുകയും ചെയ്ത വിഷയത്തിൽ ഉചിതമായ പരിഹാര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും മേൽപ്പടി ട്രെയിനിംഗ് സെന്ററിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവുണ്ടായതിനെ തുടർന്ന് ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ സീനിയോറിട്ടി നഷ്ടപ്പെടാതെ സമാന തസ്തികയായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമിച്ചിട്ടുണ്ടെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4, 9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ കോഴിക്കോട് ഓഫീസിൽ ലഭ്യമായിരുന്നു എന്നറിയാമായിരുന്ന സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് മേൽപ്പടി ഓഫീസിലേക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം അയച്ചു നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. ഹർജിക്കാരന്റെ മറ്റൊരു ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 7–ാം ഇനം സംബന്ധിച്ച വിവരം വ്യക്തമായി നൽകിയില്ല എന്നാണ്. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീമതി ജിത എസ്.ന് പി.എസ്.സി. അഡൈ്വസ് ലഭിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവ് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടത് എവിടെ നിന്നെന്നും എപ്പോൾ എന്നും ഏതു ഓഫീസിലെ ഒഴിവാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നുമാണ്. മേൽപ്പടി ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, പ്രീ–എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ കോഴിക്കോട്ട് നിന്ന് ഒഴിവ് ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് അനുസരിച്ച് പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും പി.എസ്.സി.യെ അറിയിക്കുകയാണുണ്ടായത് എന്നും മേൽപ്പടി ട്രെയിനിംഗ് സെന്ററിലെ ഒഴിവാണ് റിപ്പോർട്ട് ചെയ്തത് എന്നുമാണ്. മേൽപ്പടി ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. എന്നാൽ മേൽപ്പടി ട്രെയിനിംഗ് സെന്ററിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് ഇല്ലായിരുന്നു എന്നും മറിച്ച് വാച്ച്മാൻ തസ്തികയിലാണ് ഒഴിവുണ്ടായിരുന്നത് എന്നും എതിർകക്ഷികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നിന്നും കമ്മീഷന് ബോധ്യമാകുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി ഓഫീസിൽ പിശക് സംഭവിച്ചിരുന്നു എന്നും കാണുന്നു. എന്നാൽ ആയത് ബോധപൂർവ്വമായിരുന്നു എന്നു കാണാൻ നിർവ്വാഹമില്ല.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *